# 1. അറിയാനും പ്രതികരിക്കാനും    Class 10 Biology

1. ആദ്യ പദജോഡി ബന്ധം മനസ്സിലാക്കി വിട്ടഭാഗം പൂരിപ്പിക്കുക.
   a). മസ്തിഷ്കം : മെനിഞ്ജസ് : തലയോട്
   സുഷുമ്ന : മെനിഞ്ജസ് : -------------- ?
   b). ആന്തരസമസ്ഥിതി പാലനം : ഹൈപ്പോതലാമസ് ,
   പേശീപ്രവർത്തനങ്ങളുടെ ഏകോപനം : ------------ ?

2. താഴെ പറയുന്നവ ഓരോന്നും ഏതു പ്രവർത്തനമാണെന്ന് എഴുതുക.
   a). കാലിൽ അറിയാതെ മുള്ളുകൊള്ളുമ്പോൾ പെട്ടെന്ന് കാൽ പിൻവലിക്കുന്നു.
   b). പിറകിൽനിന്നും പെട്ടെന്ന് ഉച്ചത്തിലുള്ള ശബ്ദം ഉണ്ടാവുമ്പോൾ ഞെട്ടലുണ്ടാവുന്നു.

3. തന്നിട്ടുള്ളവയെ സംവേദ നാഡി, പ്രേരക നാഡി, സമ്മിശ്ര നാഡി എന്നിങ്ങനെ തരംതിരിക്കുക.

   [ സുഷുമ്നാനാഡി, നേത്രനാഡി, കൺപോളകളെ ചലിപ്പക്കുന്ന നാഡി ]

4. പട്ടികയിലെ വിട്ടുപോയവ പൂർത്തിയാക്കുക :

| മസ്തിഷ്ക ഭാഗം | സവിശേഷത | നിർവഹിക്കുന്ന ധർമം |
|---|---|---|
| സെറിബ്രം | **a** | ചിന്ത, ബുദ്ധി, ഓർമ, ഇന്ദ്രിയാനുഭവങ്ങൾ |
| സെറിബെല്ലം | രണ്ടാമത്തെ വലിയ ഭാഗം. | **b** |
| **c** | ദണ്ഡാകൃതിയിൽ കാണപ്പെടുന്നു. | ഹൃദയസ്പന്ദനം, ശ്വാസോച്ഛ്വാസം |
| തലാമസ് | സെറിബ്രത്തിനു താഴെ കാണപ്പെടുന്നു. | **d** |
| ഹൈപ്പോതലാമസ് | **e** | ആന്തരസമസ്ഥിതി പാലനം |

5. ചിത്രീകരണത്തിന്റെ അടിസ്ഥാനത്തിൽ ആവേഗങ്ങളെ രൂപപ്പെടുത്തുന്ന പ്രവർത്തനം വ്യക്തമാക്കുക.



6. അടിവരയിട്ട പദങ്ങൾക്കുപകരം ഉചിതമായത് കണ്ടെത്തി പ്രസ്താവന ശരിയാക്കുക :
   a). മസ്തിഷ്കത്തിൽ തുടർച്ചയായി ഉണ്ടാകുന്ന ക്രമരഹിതമായ വൈദ്യുത പ്രവാഹം <u>പാർക്കിൻസൺസ്</u> രോഗത്തിനു കാരണമാവുന്നു.
   b). രണ്ട് നാഡീകോശങ്ങൾ തമ്മിൽ ബന്ധപ്പെടുന്ന ഭാഗമാണ് <u>ഗ്രാഹി</u>.

8. കാരണം എന്തെന്ന് വ്യക്തമാക്കുക :
   a). മെഡുല ഒബ്ലോംഗേറ്റയ്ക്ക് ഏൽക്കുന്ന നേരിയ ക്ഷതംപോലും പെട്ടെന്നുള്ള മരണത്തിനു കാരണമാവാം.
   b). സെറിബ്രൽ കോർട്ടക്സ് ചാരനിറത്തിൽ കാണപ്പെടുന്നു.
   c). മയലിൻഷീത്തോടുകൂടിയ നാഡീതന്തുക്കളിൽ ആവേഗം കൂടുതൽ വേഗതയിൽ പ്രസരിക്കുന്നു.

9. സൂചനകളിൽ നിന്നും A, B എന്നീ തകരാറുകൾ തിരിച്ചറിയുക.

| | | | |
|---|---|---|---|
| A | പ്രത്യേക ഗാംഗ്ലിയോണുകളുടെ നാശംമൂലം ഡോപാമിൻ കുറഞ്ഞ് പേശികളുടെ ക്രമരഹിതമായ ചലനം | B | അലേയമായ ഒരു തരം പ്രോട്ടീൻ അടിഞ്ഞ് ന്യൂറോണുകൾ നശിക്കു ന്നതുമൂലം കടുത്ത ഓർമക്കുറവ് |

10. തന്നിട്ടുള്ള ഫ്ളോചാർട്ട് നിരീക്ഷിച്ച് ഏതു പ്രവർത്തനമാണെന്ന് എഴുതുക.

   ഉദ്ദീപനം – ഗ്രാഹി – സംവേദ ന്യൂറോൺ – ഇന്റർ ന്യൂറോൺ – പ്രേരക ന്യൂറോൺ – പേശി

11. താഴെ കൊടുത്തിട്ടുള്ളവയെ ഉചിതമായ തലക്കെട്ടുകൾ നൽകി ക്രമീകരിക്കുക.

* ഹൃദയമിടിപ്പ് സാധാരണനിലയിലാവുന്നു.
* ശ്വാസനാളം വികസിക്കുന്നു.
* പെരിസ്റ്റാൾസിസ് വർദ്ധിക്കുന്നു.
* ഗ്ലൈക്കോജൻ ഗ്ലൂക്കോസായി മാറ്റപ്പെടുന്നു.
* ഉമിനീർസ്രാവം കുറയുന്നു.
* കൃഷ്ണമണി ചുരുങ്ങുന്നു.

12. താഴെ നൽകിയവയ്ക്ക് രണ്ട് വീതം ഉദാഹരണം നൽകുക.

a). നാഡീയ പ്രേഷകങ്ങൾ.
b). സ്വതന്ത്രനാഡികൾ.

13. സുഷുമ്നയുടെ ചിത്രം നിരീക്ഷിച്ച് തന്നിട്ടുള്ള ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുക.



a). സെറിബ്രോ സ്പൈനൽ ദ്രവം നിറഞ്ഞിരിക്കുന്ന ഭാഗം ?
b). സംവേദനാഡീതന്തുക്കൾ പുറപ്പെടുന്ന ഭാഗം ?
c). റിഫ്ളക്സ് പ്രവർത്തനത്തിൽ സംവേദ ആവേഗങ്ങളെ പ്രേരക ആവേഗങ്ങളാക്കി അയയ്ക്കുന്ന നാഡീകോശം ?

14. ചിത്രത്തിൽ അടയാളപ്പെടുത്തിയ A, B, C, D എന്നിവയുടെ പേര് എഴുതുക.
(ചിത്രം വരയ്ക്കേണ്ടതില്ല). D യുടെ ധർമമെന്ത് ?




15. ചിത്രം വലുതാക്കി വരച്ച്, താഴെ പറഞ്ഞിട്ടുള്ള ഭാഗങ്ങളുടെ പേര് കണ്ടെത്തി അതിൽ കൃത്യമായി അടയാളപ്പെടുത്തുക.



a)- സിനാപ്റ്റിക് വിടവിലേക്ക് നാഡീയപ്രേഷകം സ്രവിക്കുന്ന ഭാഗം.
b)- കോശശരീരത്തിലേക്ക് ആവേഗം എത്തിക്കുന്ന ഭാഗം.
c)- ആക്സോണിന്റെ സംരക്ഷണാവരണം.

# 2. അറിവിന്റെ വാതായനങ്ങൾ

1. കൂട്ടത്തിൽ പെടാത്തത് ഏത് ? മറ്റുള്ളവയുടെ പൊതുസവിശേഷത എഴുതുക.
   [ കൺജങ്റ്റൈവ, കോക്ലിയ, യൂസ്റ്റേഷ്യൻ നാളി, ശ്രവണനാഡി ]

2. താഴെ നൽകിയത് ഏതു പ്രവർത്തനമാണെന്ന് എഴുതുക.
   - നമ്മുടെ രണ്ട് കണ്ണുകളിലും ലഭിക്കുന്ന പ്രതിബിംബങ്ങൾ മസ്തിഷ്കം ഒറ്റ ത്രിമാന ദൃശ്യമാക്കുന്നു.

3. പട്ടികയിലെ വിട്ടുപോയ തലക്കെട്ട് കണ്ടെത്തുക.

| തകരാറ് | ------ (a) ------- | -------- (b) ---------- |
|---|---|---|
| ലക്ഷണങ്ങൾ | അക്വസ്ദ്രവത്തിന്റെ പുനരാഗിരണം തടസ്സപ്പെട്ട് കണ്ണിനുള്ളിൽ മർദ്ദം കൂടുന്നു. | വിറ്റാമിൻ A യുടെ തുടർച്ചയായ അപര്യാപ്തത കൊണ്ട് നേത്രാവരണവും കോർണിയയും വരണ്ട് അതാര്യമാവുന്നു. |

4. ഒരു പ്രത്യേക സംവേദഗ്രാഹികളുടെ ചിത്രമാണിത്.

   ഗ്രാഹി ഏത് ?
   ഈ ഗ്രാഹികൾ കാണപ്പെടുന്ന ജ്ഞാനേന്ദ്രിയത്തിന്റെ പേരെഴുതുക.



5. താഴെ നൽകിയ പ്രസ്താവനകളിൽ അടിവരയിട്ട ഭാഗംമാത്രം തിരുത്തിയെഴുതുക.
   a). റെറ്റിനയിലെ <u>അന്ധബിന്ദുവിൽ</u> പ്രകാശഗ്രാഹീകോശങ്ങൾ ധാരാളമുണ്ട്.
   b). മധ്യകർണത്തെ ഗ്രസനിയുമായി ബന്ധിപ്പിക്കുന്നത് <u>സിനാപ്സ്</u> ആകുന്നു.

6. കാരണം എന്തെന്ന് വ്യക്തമാക്കുക :
   a). പ്രകാശ തീവ്രതയ്ക്കനുസരിച്ച് പ്യൂപ്പിളിന്റെ വലുപ്പം ക്രമീകരിക്കപ്പെടുന്നു.
   b). ജീവകം A യുടെ അഭാവം കാഴ്ചയെ ബാധിക്കുന്നു.

7. രൂപമാറ്റം സംഭവിച്ച രണ്ട് ന്യൂറോണുകളാണ് ചിത്രത്തിലുള്ളത്.

   a). A യും B യും തിരിച്ചറിഞ്ഞ് പേര് നൽകുക.
   b). ഇവ കാണപ്പെടുന്നത് എവിടെയാണ് ?
   c). ധർമപരമായി A യിൽ നിന്നും B എങ്ങനെ വ്യത്യാസപ്പെടുന്നു ?




8. റൊഡോപ്സിൻ ◀▶ റെറ്റിനാൽ + ഒപ്സിൻ.
   a). കണ്ണിന്റെ ഏതു പാളിയിലാണ് ഈ പ്രവർത്തനം സംഭവിക്കുന്നത് ?
   b). ഈ പ്രവർത്തനം കൊണ്ട് സംഭവിക്കുന്നതെന്താണ് ?

9. തന്നിരിക്കുന്നവ തമ്മിലുള്ളവ്യത്യാസമെഴുതുക.
   a). ഓർഗൻ ഓഫ് കോർട്ടി, ജേക്കബ്സൺസ് ഓർഗൻ.
   b). ഫോട്ടോപ്സിൻ, റൊഡോപ്സിൻ.

10. ബോക്സിൽ കൊടുത്തിട്ടുള്ളവയെ ഉചിതമായ രീതിയിൽ ജോഡികളാക്കുക:

| |
|---|
| ഒമാറ്റിഡിയ, ഐസ്പോട്ട്, പാർശ്വ വര, പ്ലനേറിയ, സ്രാവ്, ഈച്ച |

11. ശരിയായ ക്രമത്തിലുള്ളത് ഏതാണ്?
   a). കണികകൾ ഉമിനീരിൽ ലയിക്കുന്നു – തലച്ചോറ് – രാസഗ്രാഹികൾ – നാഡി.
   b). കണികകൾ ശ്ലേഷ്മത്തിൽ ലയിക്കുന്നു – ഗന്ധഗ്രാഹികൾ – നാഡി – സെറിബ്രം.
   c). ഓവൽ വിൻഡോ – നാഡി – അസ്ഥിശൃംഖല – കോക്ലിയയിലെ ഗ്രാഹികൾ – തലച്ചോറ്.

12. താഴെ നൽകിയവയ്ക്ക് രണ്ട് വീതം ഉദാഹരണം നൽകുക.
 a). പ്രകാശഗ്രാഹി കോശങ്ങൾ.
 b). സ്വതന്ത്രനാഡികൾ.

13. കോക്ലിയ, വെസ്റ്റിബ്യൂൾ, അർദ്ധവൃത്താകാരക്കുഴലുകൾ എന്നിവ ആന്തരകർണത്തിൽ ഉൾപ്പെടുന്നവയാണല്ലോ.
 a). ഈ ഭാഗങ്ങൾ പൊതുവായി ഏതു പേരിലാണ് അറിയപ്പെടുന്നത് ?
 b). ഇവയിൽ ശരീരതുലനനിലപാലനവുമായി ബന്ധമുള്ളവ ഏതൊക്കെയാണ് ?

14. ശരീരത്തിലുണ്ടാകുന്ന ചില സ്രവങ്ങളുമായി ബന്ധപ്പെട്ട നൽകിയ പട്ടിക പൂർത്തിയാക്കുക.

| | ജ്ഞാനേന്ദ്രിയം | ധർമം |
|---|---|---|
| i. എൻഡോലിംഫ് | -----(a)----- | കേൾവി, തുലനനിലപാലനം |
| ii. വിട്രിയസ് ദ്രവം | -----(b)----- | -----(c)----- |
| iii. അക്വസ് ദ്രവം | കണ്ണ് | ----(d)----- |

15. ചിത്രത്തിൽ അടയാളപ്പെടുത്തിയ A, B, C, D എന്നിവയുടെ പേര് എഴുതുക.
 (ചിത്രം വരയ്ക്കേണ്ടതില്ല). A യുടെ ധർമമെന്ത് ?




16. തന്നിരിക്കുന്ന കണ്ണിന്റെ ചിത്രം പൂർണമല്ല. ഇത് പൂർത്തിയാക്കി വരച്ച്, താഴെ പറഞ്ഞിട്ടുള്ള ഭാഗങ്ങളുടെ പേര് കണ്ടെത്തി അതിൽ കൃത്യമായി അടയാളപ്പെടുത്തുക.



a)- റെറ്റിനയിൽ നിന്നും ആവേഗത്തെ തലച്ചോറിലേക്ക് വഹിക്കുന്ന ഭാഗം.
b)- കണ്ണിനകത്തേക്ക് പ്രകാശം കടത്തിവിടുന്ന, ദൃഢപടലത്തിന്റെ സുതാര്യമായ മുൻഭാഗം.
c)- കണ്ണിന്റെ ആകൃതി നിലനിർത്താൻ സഹായകമായ ജെല്ലിപോലെയുള്ള ദ്രവം കാണപ്പെടുന്ന അറ.

# 3. സമസ്ഥിതിക്കായുള്ള  രാസസന്ദേശങ്ങൾ

Class 10 Biology

1. പദങ്ങൾ തമ്മിലുള്ള ബന്ധം മനസ്സിലാക്കി വിട്ടഭാഗം പൂരിപ്പിക്കുക:

a). ഐലറ്റ്സ് ഓഫ് ലാംഗർഹാൻസ് : ആൽഫാ കോശങ്ങൾ : ഗ്ലൂക്കഗോൺ ;
ഐലറ്റ്സ് ഓഫ് ലാംഗർഹാൻസ് : ................?........... : ................?

b). എഥിലിൻ  : ഫലങ്ങൾ പഴപ്പിക്കുന്നു,
---- ?----  : ഫലങ്ങൾ പൊഴിക്കുന്നു.

2. കൂട്ടത്തിൽ പെടാത്തത് ഏത് ? എന്തുകൊണ്ട് ?
[ടെസ്റ്റോസ്റ്റീറോൺ, ജിബ്ബറിലിൻ,  പ്രൊജെസ്റ്ററോൺ, സൊമാറ്റോട്രോപിൻ ]

3. തെറ്റായ ജോഡി ഏതെന്ന് കണ്ടെത്തി തിരുത്തിയെഴുതുക.
a). തൈറോക്സിൻ - യുവത്വഹോർമോൺ
b). ടെസ്റ്റോസ്റ്റീറോൺ - ലൈംഗികഹോർമോൺ
c). അബ്സെസിക് ആസിഡ് - സസ്യഹോർമോൺ
d). സിവെറ്റോൺ- ഫിറമോൺ

4. സൂചനകളിൽ നിന്നും ഹോർമോണുകളുമായി ബന്ധിപ്പെട്ട തകരാറ് ഏതെന്ന് കണ്ടെത്തിയെഴുതുക.
a). ഇൻസുലിൻ കുത്തിവയ്പ്,  ആഹാര നിയന്ത്രണം.
b). അയഡിൻ അടങ്ങിയ ഉപ്പ്, ഇലക്കറികൾ, കടൽ വിഭവങ്ങൾ.

5. കാരണം എന്തെന്ന് വ്യക്തമാക്കുക :
a). വേനൽക്കാലത്ത് മൂത്രത്തിന്റെ ഉൽപാദനത്തിൽ കുറവുണ്ടാകുന്നു.
b). പൈനിയൽ ഗ്രന്ഥി ശരീരത്തിലെ ജൈവഘടികാരം ആയി അറിയപ്പെടുന്നു.
c). ഉറുമ്പുകൾക്ക് പരസ്പരം കാണാതെ തന്നെ അതേ പാതയിലൂടെ അനുഗമിക്കാൻ കഴിയുന്നു.
d). അന്ത:സ്രാവി ഗ്രന്ഥികൾ 'നാളീരഹിത ഗ്രന്ഥികൾ' എന്നും അറിയപ്പെടുന്നു.

6. TSH,  GTH,  ACTH എന്നിവ മനുഷ്യനിൽ ഉണ്ടാകുന്ന ഹോർമോണുകളാണല്ലോ.
a). ഈ ഹോർമോണുകൾ പൊതുവായി ഏതു പേരിലാണ് അറിയപ്പെടുന്നത് ?
b). ഏത് അന്ത:സ്രാവിഗ്രന്ഥിയിലാണ് ഇവ ഉൽപാദിപ്പിക്കപ്പെടുന്നത് ?
c). GTH ന്റെ ധർമം എഴുതുക.

7. ശരിയായ പദം ഉപയോഗിച്ച് അടിവരയിട്ടഭാഗം മാറ്റിയെഴുതുക:
a). വാതകരൂപത്തിലുള്ള സസ്യഹോർമോണാണ് <u>സൈറ്റോകിനിൻ</u> .
b). രക്തത്തിലെ <u>ഗ്ലൂക്കോസിന്റെ</u> സാധാരണപരിധി *9-11mg/100ml* ആണ്.

8. വ്യത്യാസം എന്തെന്ന് എഴുതുക :
a). ഡയബറ്റിസ് ഇൻസിപിഡസ് - ഡയബറ്റിസ്  മെലിറ്റസ്
b). ഭീമാകാരത്വം - അക്രോമെഗാലി

9. ഫ്ളോചാർട്ട് നിരീക്ഷിച്ച് ഒരു ലഘു കുറിപ്പ് തയ്യാറാക്കുക.




10. കൃത്രിമസസ്യഹോർമോണുകളെ നാം ഉപയോഗപ്പെടുത്തുന്ന സന്ദർഭത്തിന് രണ്ട് ഉദാഹരണങ്ങൾ എഴുതുക.

11. 'തൈറോക്സിൻ ഉൽപാദനം ശരീരത്തിൽ വളരെ കൂടുന്നതും തീരെ കുറയുന്നതും ദോഷകരമാണ്'.
ഓരോ ഉദാഹരണത്തിലൂടെ ഈ പ്രസ്താവന സാധൂകരിക്കുക.

12. a). A, B,എന്നീ ഗ്രന്ഥികളെ തിരിച്ചറിഞ്ഞ് പേരെഴുതുക.
b). ഇവയിൽ 'ഗ്ലൂക്കഗോൺ' ഉൽപാദിപ്പിക്കുന്നത് ഏതു ഗ്രന്ഥിയാണ് ?


A


B

13. A കോളത്തിലെ വിവരങ്ങളെ B കോളത്തിലേതുമായി ഉചിതമായരീതിയിൽ ചേർത്തെഴുതുക.

| A | B |
|---|---|
| a). സിവെറ്റോൺ<br>b). മസ്കോൺ<br>. ബോംബികോൾ | കസ്തൂരി മാൻ<br>പട്ടുനൂൽ ശലഭം<br>വെരുക് |

14.ബോക്സിലുള്ളവയിൽ നിന്നും ശരിയായ ഉത്തരങ്ങൾ കണ്ടെത്തുക.

| |
|---|
| പാരാതൊർമോൺ, തൈമോസിൻ,<br>ഇൻസുലിൻ, കോർട്ടിസോൾ,<br>അൽഡോസ്റ്റീറോൺ,<br>വാസോപ്രസിൻ,<br>കാൽസിടോണിൻ, ഗ്ലൂക്കഗോൺ |

a. ആന്റിഡൈയൂററ്റിക് ഹോർമോൺ എന്നറിയപ്പെടുന്നത് ?
b. കാൽസ്യത്തിന്റെ അളവ് ക്രമീകരിക്കുന്നതുമായി ബന്ധപ്പെട്ട രണ്ട് ഹോർമോണുകൾ?
c. രക്തത്തിലെ ഗ്ലൂക്കോസിന്റെ അളവ് ക്രമീകരിക്കുന്ന ഹോർമാണുകൾ ?
d. അലർജിക്കും വീക്കത്തിനും ഔഷധമായി ഉപയോഗിക്കുന്ന ഹോർമോൺ?

15. സസ്യഹോർമോണുകളെക്കുറിച്ചുള്ള പട്ടിക പൂർത്തിയാക്കുക.

| സസ്യഹോർമോൺ | പ്രവർത്തനം | |
|---|---|---|
| -------- ? -------- | അഗ്രമുകുള വളർച്ച. | കോശവളർച്ച. |
| എഥിലിൻ | -------- ? -------- | ഇലകൾ പാകമാകുന്നു. |
| ജിബ്ബർലിൻ | ഇലകൾ വിരിയൽ. | -------- ? -------- |
| -------- ? -------- | വിത്തിലെ ഭ്രൂണത്തിന്റെ സുപ്താവസ്ഥ. | -------- ? -------- |

അധ്യായം **4 - അകറ്റിനിർത്താം രോഗങ്ങളെ**

# Model Questions

1. വിട്ടുപോയഭാഗം കണ്ടെത്തി പൂരിപ്പിക്കുക:
   **a**. ബാക്ടീരിയ : പ്രോകാരിയോട്ട്, പ്രോട്ടോസോവ : -------------- ?
   **b**. ബാക്ടീരിയ : ആന്ത്രാക്സ്; ---------- : കുളമ്പുരോഗം.
   **c**. ബാക്ടീരിയ : നെല്ലിന്റെ ബ്ലൈറ്റ്; ---------- : വഴുതനയുടെ വാട്ടം.
   **d**. ഹീമോഫീലിയ : ജനിതകരോഗം, സിക്ക്ൾസെൽ അനീമിയ : -----------?
   **e**. ലിംഫിന്റെ പ്രവാഹം തടസ്സപ്പെടുന്നു : മന്ത്,
   ലിംഫ് ഗ്രന്ഥികൾക്ക് വീക്കം : ------------ ?

**2**. രോഗകാരികൾ പെരുകുന്നത് തടയാനുള്ള ഏതെങ്കിലും നാല് കാര്യങ്ങൾകൂടി കൂട്ടിച്ചേർക്കുക:

* മാസ്ക് ധരിക്കുക. * ….. …… …..
* 'ഡ്രൈ ഡേ' ആചരിക്കുക. * ….. …… …..
* ….. …… ….. * ….. …… …..

**3**. A, B, C കോളങ്ങളിലുള്ളവയെ ഉചിതമായ രീതിയിൽ ബന്ധിപ്പിക്കുക:

| A | B | C |
|---|---|---|
| **a**. ലെപ്റ്റോസ്പൈറ<br>**b**. ഫൈലേറിയൽ വിര<br>**c**. മൈക്കോബാക്ടീരിയം<br>**d**. കോറിനി ബാക്ടീരിയം<br>**e**. എച്ച്. ഐ. വി. | - ക്ഷയം<br>- എയ്ഡ്സ്<br>- ഡിഫ്ത്തീരിയ<br>- എലിപ്പനി<br>- മന്ത് | - ഡിസംബർ 1<br>- ആന്തര രക്തസ്രാവം<br>- ക്യൂലക്സ് കൊതുക്<br>- ബി.സി.ജി.<br>-ചുമ, തുമ്മൽ |

**4**. ചിത്രത്തിലുള്ള വൈറസുകളെ തിരിച്ചറിഞ്ഞ് പേരെഴുതുക:

**A**

**B**

**C**


**5**. കൊതുകുകളിലൂടെ പകരുന്ന മൂന്ന് രോഗങ്ങളുടെ പേരെഴുതുക.
<u>മാതൃക</u>:- ഈഡിസ് കൊതുക് - ചികുൻഗുനിയ.

**6**. തന്നിട്ടുള്ളവയിൽ നിന്നും വേറിട്ടുനിൽക്കുന്നത് കണ്ടെത്തുക:
പ്രമേഹം, ഫാറ്റി ലിവർ, ഉയർന്ന രക്തസമ്മർദ്ദം, മന്ത്.

**7**. തന്നിട്ടുള്ള സൂചനകളിൽനിന്നും സാംക്രമികരോഗം തിരിച്ചറിയുക, രോഗകാരി വിഭാഗത്തിന്റെ പേരും എഴുതുക:
**a**. ത്വ ക്കിൽ വട്ടത്തിലുള്ള ചുവന്ന തിണർപ്പുകൾ. സ്പർശനത്തിലൂടെ പകരുന്നു.
**b**. കരൾവീക്കം, ശ്ലേഷ്മസ്തരത്തിലും കണ്ണിലും നഖത്തിനും മഞ്ഞനിറം വരുന്നു.
**c**. വി റയലോടുകൂടിയ കടുത്തപനിയും അമിത വിയർപ്പും. അനോഫിലിസ് കൊതുകുകൾ വഴി പകരുന്നു.
**d**. ലിംഫോസൈറ്റുകളുടെ എണ്ണം ഗണ്യമായി കുറഞ്ഞ് പ്രതിരോധശേഷി ഇല്ലാതാവുന്നു.

**8**. തന്നിട്ടുള്ള ലക്ഷണങ്ങൾ വിലയിരുത്തി ഏത് ജനിതക രോഗമാണെന്ന് കണ്ടെത്തി എഴുതുക :

| രോഗം: ...........? | രോഗം: ...........? |
|---|---|
| ചെറിയ മുറിവിൽനിന്നുപോലും തുടർച്ചയായി രക്തസ്രാവം, രക്തം കട്ടപിടിക്കുന്നില്ല. | അരുണ രക്താണുക്കൾ വളഞ്ഞുപോകുന്നു, അവയുടെ ഓക്സിജൻ വാഹകശേഷി കുറയുന്നു. |

By Rasheed Odakkal 9846626323 GVHSS Kondotty

**9**. കാൻസറിന് നിർവചനം നൽകുക. ഇതിന് ഇടയാക്കുന്ന സാഹചര്യങ്ങൾ എന്തെല്ലാം ?
കാൻസർ ചികിത്സയ്ക്കായി സ്വീകരിക്കാറുള്ള രീതികൾ സൂചിപ്പിക്കുക.

**10**. 'പുകവലിയും ശ്വസനവ്യവസ്ഥയുടെ ആരോഗ്യവും'.
ഈ വിഷയവുമായി ബന്ധപ്പെട്ട ബോധവൽക്കരണ പോസ്റ്ററിൽ ഉൾപ്പെടുത്തുന്നതിന് യോജിച്ച രണ്ട് വാക്യങ്ങൾ നിർദ്ദേശിക്കുക.

# അധ്യായം - 5 - പ്രതിരോധത്തിന്റെ കാവലാളുകൾ

## Model Questions

**1**. കെരാറ്റിൻ, സെബം, വിയർപ്പ്.
രോഗകാരികളെ പ്രതിരോധിക്കാൻ മേൽപ്പറഞ്ഞവ ഏതുവിധത്തിലാണ് ത്വക്കിനെ സഹായിക്കുന്നത് ?

**2**. ഉമിനീർ : ലൈസോസൈം ;
കണ്ണുനീർ : ----------- ?

**3**. പ്രതിരോധവുമായി ബന്ധപ്പെട്ട് നൽകിയ ഫ്ളോചാർട്ട് പൂർത്തിയാക്കുക :

പ്രതിരോധ സംവിധാനങ്ങൾ

| ശരീരാവരണങ്ങൾ | ശരീര സ്രവങ്ങൾ | ശരീര ദ്രവങ്ങൾ |
|---|---|---|
| * ത്വക്ക് | * കർണ്ണമെഴുക് | * രക്തം |
| * | * | * |
| | * | |
| | * | |
| | * | |
| | * ഹൈഡ്രോക്ലോറിക് ആസിഡ് | |

**4**. മോണോസൈറ്റ് , ബേസോഫിൽ, ന്യൂട്രോഫിൽ, ഈസിനോഫിൽ, ലിംഫോസൈറ്റ്.
a. ഇവയ്ക്ക് പൊതുവായ പേര് നൽകുക.
b. ഇവയിൽ രോഗാണുക്കളെ പ്രത്യേകം തിരിച്ചറിഞ്ഞ് നശിപ്പിക്കുന്നത് ഏത് ?
c. ആന്റിജനുകളെ നശിപ്പിക്കാനുള്ള രാസവസ്തുക്കൾ നിർമിക്കുന്നവ ഏതെല്ലാമാണ് ?
d. ആന്റിജനുകളെ വിഴുങ്ങി നശിപ്പിക്കുന്നവ ഏതൊക്കെയാണ് ?

**5**. പ്രത്യേക പ്രതിരോധവുമായി ബന്ധപ്പെട്ട ശ്വേതരക്താണുക്കളാണ് ചിത്രത്തിലുള്ളത്.
a. ഓരോന്നും തിരിച്ചറിഞ്ഞ് പേര് നൽകുക.
b. ഇവയിൽ ആന്റിബോഡികൾ ഉൽപ്പാദിപ്പിക്കുന്നത് ഏത് ?




**6**. ര ക്തം കട്ടപിടിക്കുന്ന പ്രവർത്തനത്തിലെ ഘട്ടങ്ങൾ തന്നിട്ടുള്ളത് ക്രമപ്പെടുത്തി എഴുതുക:
- ത്രോംബോപ്ലാസ്റ്റിൻ, കാൽസ്യത്തിന്റെയും വിറ്റാമിൻ K യുടെയും സഹായത്തോടെ പ്രോത്രോംബിൻ എന്ന പ്രോട്ടീനിനെ ത്രോംബിൻ ആക്കി മാറ്റുന്നു.
- ഫൈബ്രിൻനാരുകളുടെ വലക്കണ്ണികളിൽ ചുവന്ന രക്താണുക്കളും പ്ലേറ്റ്ലറ്റുകളും തങ്ങി രക്തക്കട്ടയാവുന്നു.
- മുറിവേറ്റഭാഗത്തെ കലകളും പ്ലേറ്റ് ലെറ്റുകളും ശിഥിലീകരിച്ച് ത്രോംബോപ്ലാസ്റ്റിൻ എന്ന രാസാഗ്നി ഉണ്ടാകുന്നു.
- ത്രോംബിൻ, ഫൈബ്രിനോജനെ ഫൈബ്രിൻ നാരുകളാക്കി മാറ്റുന്നു.

**7**. a). തന്നിട്ടുള്ള ഘട്ടങ്ങൾ വിശകലനംചെയ്ത് ഏതുപ്രക്രിയയാണെന്ന് എഴുതുക.
b). ഈ പ്രക്രിയചിത്രീകരിക്കുക.
- രോഗാണുവിനെ സ്തരസഞ്ചിക്കകത്ത് ഉൾക്കൊള്ളുന്നു,
- സ്തരസഞ്ചി ലൈസോസോമുമായിച്ചേരുന്നു.
- ലൈസോസോമിലെ എൻസൈമുകൾ രോഗാണുക്കളെ ശിഥിലീകരിക്കുന്നു.
- അവശിഷ്ടങ്ങൾ ഫാഗോസൈറ്റിൽനിന്നും പുറന്തള്ളപ്പെടുന്നു.

**8**.[ ഫോഗോസൈറ്റോസിസ്, രക്തം കട്ടപിടിക്കൽ, പനി.]
രോഗാണുക്കളെ പ്രതിരോധിക്കാനായി ശരീരം സ്വീകരിക്കുന്ന പ്രതിരോധ തന്ത്രങ്ങളാണിവ.
a. ഈ വിഭാഗത്തിലേക്ക് രണ്ട് പ്രതിരോധ തന്ത്രങ്ങൾക്കൂടി ഉൾപ്പെടുത്തുക.
b. ഫാഗോസൈറ്റിന് രണ്ട് ഉദാഹരണം നൽകുക. ?

**9**. പനി ഒരു രോഗമല്ല, ശരീരത്തിന്റെ പ്രതിരോധതന്ത്രമാണ് അത് .
a). പനി ഉണ്ടാകുന്നതെങ്ങനെ ?
b). പനി, ശരീരത്തിന്റെ ഒരു പ്രതിരോധതന്ത്രമാവുന്നതെങ്ങനെ ?




**10**.a). പ്രതിരോധവുമായി ബന്ധപ്പെട്ട് ഈ ചിത്രത്തിൽ കാണുന്ന ശരീരവ്യവസ്ഥയേത് ?
b). ഇതിൽ അടയാളപ്പെടുത്തിയ A, B എന്നിവയുടെ പേര് എഴുതുക.

c).രോഗാണുക്കളെ പ്രതിരോധിക്കാൻ A, B ഭാഗങ്ങൾ എപ്രകാരമാണ് സഹായിക്കുന്നത് ?

**11**. A , B എന്നീ ഘട്ടങ്ങളായി നൽകിയത് ഏതു പ്രതിരോധ പ്രവർത്തനമാണ് ? വിട്ടുപോയവ പൂർത്തിയാക്കുകയും ചെയ്യുക.

A). പ്രോത്രോംബിൻ —(ത്രോംബോപ്ലാസ്റ്റിൻ / കാൽസ്യം, വിറ്റാ. K)→ ------?------

B). ഫൈബ്രിനോജൻ —(ത്രോംബിൻ)→ ഫൈബ്രിൻ നാരുകൾ.

**12**. കൃത്രിമ രോഗപ്രതിരോധവൽക്കരണത്തിന് വാക്സിനുകൾ സഹായകമാണ്.
a. പ്രതിരോധ കുത്തിവയ്പിനു തുടക്കം കുറിച്ചതാര് ?
b. ആദ്യ പ്രതിരോധ വാക്സിൻ ഏത് ?
c. ഡിഫ്തീരിയ : പെന്റാവാലന്റ് വാക്സിൻ,
------------- : ബി.സി.ജി. വാക്സിൻ.

**13**. താഴെ പറയുന്നവ ഓരോന്നും എന്താണെന്ന് നിർവചിക്കുക.
* വീങ്ങൽ പ്രതിരോധം.
* ഫോഗോസൈറ്റോസിസ്.
* ആന്റിബോഡി.
* വാക്സിൻ.

**14**. ചില പാർശ്വഫലങ്ങൾ വരുന്നതു മുൻനിർത്തി ഡോക്ടറുടെ നിർദ്ദേശപ്രകാരമല്ലാതെ ആന്റിബയോട്ടിക്കുകൾ കഴിക്കരുത്. ഏതെങ്കിലും രണ്ട് പാർശ്വഫലങ്ങൾ ഉദാഹരിക്കുക.

**15**. ചിത്രത്തിൽകാണുന്ന ഉപകരണം തിരിച്ചറിഞ്ഞ് പേരെഴുതുക:



**16**. a. ഒഫ്താൽമോളജി : നേത്രചികിത്സ,
ഓങ്കോളജി : ------------ ?
b. ECG : ഇലക്ട്രോ കാർഡിയോ ഗ്രാം,
EEG : --------------- ?

**17**. A കോളത്തിലെ വിവരങ്ങളെ B, C കോളങ്ങളിലുള്ളവയുമായി ഉചിതമായി ബന്ധിപ്പിക്കുക :

| A | B | C |
|---|---|---|
| a). സെബം<br>b). പെന്റാവാലന്റ്<br>c). പെനിസിലിൻ | -ശ്ലേഷ്മം<br>-ആന്റിബയോട്ടിക്<br>-ത്വക്ക്<br>-വാക്സിൻ | -ടെറ്റനസ്<br>-രോഗാണുക്കളെ തടയുന്നു<br>-പ്രതിരോധവൽക്കരണം<br>-ആന്റിബോഡി |

**18**. തന്റെ സഹോദരിയുടെ ശസ്ത്രക്രിയയ്ക്കായി A നെഗറ്റീവ് രക്തം ലഭിക്കുന്നതിന് സ്മിത നന്നേ പ്രയാസപ്പെട്ടു.
a. മറ്റേതെങ്കിലും രക്തഗ്രൂപ്പ് പ്രസ്തുത വ്യക്തിക്കു നൽകാനാവുമോ ?
b. എല്ലാവർക്കും എല്ലാഗ്രൂപ്പ് രക്തവും സ്വീകരിക്കാനാവാത്തത് എന്തുകൊണ്ടാണ് ?

**19**. നാലുതരം രക്ത ഗ്രൂപ്പുകളും അവയിലുള്ള ആന്റിജനുകളും ശരീരത്തിലുണ്ടാകാവുന്ന ആന്റിബോഡികളും കാണിക്കുന്ന ഒരു പട്ടിക തയ്യാറാക്കുക.

**20**. താഴെ കൊടുത്തിട്ടുള്ള പദങ്ങൾ ഉത്തരമായി വരത്തക്കവിധത്തിൽ ഓരോ ചോദ്യം വീതം നിർമിക്കുക.
a. കാലോസ്. b. ക്യൂട്ടിക്കിൾ.